(ബി) ഈ വർഷം എൻജിനിയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾ എത്ര? അതിൽ ഹരിജനങ്ങൾ എത്ര ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) യൂനിവേഴ്സിറ്റി കോളേജിൽ അഡ്മിഷൻ കിട്ടിയതു ൩ ൪൫ കുട്ടികൾക്കാണ്. അതിൽ ഹരിജനങ്ങൾ ൫.

(ബി) എൻജിനിയറിംഗ് കോളേജിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾ ൧൩൨ അതിൽ ഹരിജനങ്ങൾ ൪.

ശ്രീ. പി. സി. ജോർജ്: ഈ കോളേജിൽ ഹരിജനങ്ങൾക്കു സീറ്റുകൾ റിസർവു ചെയ്യാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിനു പെട്ടെന്നു ഒരു മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കോളേജിൽ പ്രവേശനത്തിനായി ഹരിജനങ്ങളുടെ എത്ര അപേക്ഷകൾ കിട്ടി എന്നു പറയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ അയച്ചിട്ടുള്ള എല്ലാവരേയും അഡ്മിറ്റു ചെയ്തിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനും ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ADULT EDUCATION

***2404 [27] Sri. N. P. Verghese** . Will the Hon'ble Minister for Education be pleased to state.—

(*a*) whether Government have any scheme for training teachers for adult education;

(*b*) are Government giving any grant to Adult Education classes held by Private Agencies;

(*c*) if so, the amount of grant and the conditions required to be fulfilled; and

(*d*) will Government be pleased to give a special grant to Libraries for conducting Adult Education Classes attached to them?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യംതന്നെ ൧൦—൧൦—൫൯-ൽ ചോദിച്ചിട്ടുള്ളതാണ്. അതിനാൽ വീണ്ടും ഉത്തരം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

HINDI EDUCATION

***2405. [28] Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state:

(*a*) are Government giving any grant to Hindi Classes conducted by Private Agencies;

(*b*) if so, the amount of grant and the conditions required to be fulfilled;

(*c*) will Government be pleased to give a special grant to recognised Libraries conducting Hindi classes attached to them?

The Hon'ble Sri. T. K. Narayana Pillai :

(*a*) No;

(*b*) No answer is necessary in view of the answer to (*a*);

(*c*) The question will certainly be considered.

ശ്രീ. എൻ. പി. വർഗീസ് : ഗവണ്മെന്റു ഇതുസംബന്ധിച്ചു ഒരു സ്കീം കിട്ടുന്നതിനു ഐക്യസംസ്ഥാന ഗ്രന്ഥശാലാസംഘത്തോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഔപചാരികമായി ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഹിന്ദിക്ലാസ് നടത്തുന്ന പ്രൈവറ്റു ഏജൻസികൾ ഗ്രാന്റിനു് അപേക്ഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly